

ബൈബിൾ ചിത്രകഥ
സാക്ഷികൾ - 4
നൈവേദ്യം
MAR LOUIS PUBLICATIONS

ബൈബിൾ ചിത്രകഥ - 49

# നൈവേദ്യം

ക്രിസ്തുവിനുവേണ്ടി പൂർണ്ണമായി സമർപ്പിച്ചതായിരുന്നു വി. പൗലോസിന്റെ ജീവിതം. തന്നെ സ്വന്തമാക്കിയ നാഥനെ ലോകം മുഴുവൻ അറിയണം; സകല ജനതകളും അവനെ നാഥനും കർത്താവുമായി സ്വീകരിച്ച് അവൻ നല്കുന്ന രക്ഷയിൽ പങ്കുചേരണം എന്ന ഏക ആഗ്രഹമാണ് പൗലോസിന്റെ ജീവിതത്തെ പ്രതിസന്ധികളുടെയും പീഡനങ്ങളുടെയും നടുവിലൂടെ നിരന്തരം നയിച്ചിരുന്നത്. എ.ഡി. 36 ൽ നടന്ന മാനസാന്തരത്തിനുശേഷം ഏകദേശം മുപ്പതുവർഷത്തോളം ദീർഘിച്ച പ്രേഷിതപ്രവർത്തനത്തിലൂടെ റോമാസാമ്രാജ്യത്തിന്റെ മിക്ക ഭാഗങ്ങളിലും സുവിശേഷം എത്തിക്കാൻ പൗലോസിനു സാധിച്ചു.

പുതിയ സ്ഥലങ്ങളിൽ സുവിശേഷം പ്രഘോഷിക്കാനായി മുന്നേറുമ്പോൾ താൻ സ്ഥാപിച്ച സഭകളെക്കുറിച്ചുള്ള ശ്രദ്ധ പൗലോസ് കൈവെടിഞ്ഞിരുന്നില്ല. ഓരോ പ്രാദേശിക സഭയിലും ശ്രേഷ്ഠന്മാരെയും ശുശ്രൂഷകരെയും നിശ്ചയിച്ചിരുന്നെങ്കിലും അവരുമായി നിരന്തരം ബന്ധത്തിൽത്തന്നെയാണ് അദ്ദേഹം കഴിഞ്ഞിരുന്നത്. രണ്ടും മൂന്നും പ്രേഷിത യാത്രകളിൽ നല്ലൊരു പങ്ക് ഇപ്രകാരമുള്ള സഭകളെ സന്ദർശിക്കാനും വിശ്വാസത്തിൽ വളരാൻ അവരെ പ്രോത്സാഹിപ്പിക്കാനും വേണ്ടിയായിരുന്നു ചിലവഴിച്ചത്.

കാലം കഴിയുന്തോറും സഭാസമൂഹം നിരവധി പ്രശ്നങ്ങളെ അഭിമുഖീകരിക്കേണ്ടിവന്നു. യഹൂദരുടെയും വിജാതീയരുടെയും ഭാഗത്തുനിന്നുണ്ടാകുന്ന എതിർപ്പും പീഡനവും ഒരുവശത്ത്, സഭയ്ക്കുള്ളിൽ തന്നെയുണ്ടായിക്കൊണ്ടിരിക്കുന്ന ആശയക്കുഴപ്പങ്ങളും കലഹങ്ങളും മറുവശത്ത്. വിശ്വാസം സംബന്ധിച്ച കാര്യങ്ങളെക്കുറിച്ച് ധാരാളം സംശയങ്ങൾ ക്രിസ്ത്യാനികളുടെ കാഴ്ചപ്പാടിൽ വ്യക്തത ആവശ്യമായിത്തീർന്നു. ഇങ്ങനെ ഓരോ പ്രാദേശിക സഭയും നേരിടുന്ന പ്രശ്നങ്ങൾക്കു പരിഹാരം നിർദ്ദേശിക്കാൻ വി. പൗലോസ് നിരവധി ലേഖനങ്ങൾ എഴുതി. അവയിൽ പതിമൂന്നു ലേഖനങ്ങൾ ബൈബിളിന്റെ ഭാഗമായി നമുക്കു ലഭിച്ചിട്ടുണ്ട്.

ആദ്യത്തെ രണ്ടു പ്രേഷിതയാത്രകൾ അന്തിയോക്യായിൽ തുടങ്ങി അവിടെത്തന്നെ തിരിച്ചെത്തി. മൂന്നാം യാത്ര തുടങ്ങിയത് അന്തിയോക്യായിലാണെങ്കിലും അവസാനിച്ചത്

Published by : MAR LOUIS PUBLICATIONS
Broadway, Ernakulam
Kochi - 682 031, Ph: 0484-2352110
Website : www.marlouiskochi.com
E-mail : mlbookcentre@gmail.com
mlpekam@gmail.com

ജറുസലെമിലാണ്. അങ്ങനെ മൂന്നാം യാത്ര ജറുസലെം യാത്രയായി പരിണമിച്ചു. പീഡാനുഭവത്തെ മുന്നിൽ കണ്ടുകൊണ്ട് യേശുനാഥൻ ജറുസലെമിലേക്കു നടത്തിയ യാത്രയോട് (ലൂക്കാ 9,5 - 19,46) ഏറെ സാമ്യമുള്ളതാണ് ഈ യാത്ര. ജറുസലെമിൽ പീഡനങ്ങളാണ് തന്നെ കാത്തിരിക്കുന്നത് എന്നു പലതവണ മുന്നറിയിപ്പുകൾ ലഭിച്ചെങ്കിലും യാത്രയിൽ നിന്നു വിരമിക്കുകയല്ല, കൂടുതൽ തീക്ഷ്ണതയോടെ അങ്ങോട്ടുപോകാൻ ആഗ്രഹിക്കുകയാണ് വി. പൗലോസ് ചെയ്തത്. നാഥന്റെ പീഡാസഹനത്തിൽ അവസാനംവരെ പങ്കുചേരാനും അങ്ങനെ അവനുമായി താദാത്മ്യം പ്രാപിക്കാനുമുള്ള അതിശക്തമായ അഭിനിവേശം അദ്ദേഹത്തെ മുന്നോട്ടു നയിച്ചു.

എ. ഡി. 58 ൽ ജറുസലെമിൽ എത്തിയ പൗലോസിനു സംഭവിച്ചവ യേശുവിന്റെ പീഡാസഹനവുമായി സാമ്യമുള്ളവയാണ്. യഹൂദനേതാക്കാർ അവനെ ബന്ധിച്ചു; വിചാരണ ചെയ്തു; വധിക്കാൻ ശ്രമിച്ചു. ജനത്തെ വഴിതെറ്റിക്കുന്നു എന്നതായിരുന്നു മുഖ്യമായ കുറ്റാരോപണം. യേശുവിനെപ്പോലെ പൗലോസും റോമാക്കാരുടെ കൈകളിൽ ഏല്പിക്കപ്പെട്ടു. എന്നാൽ തുടർന്നുള്ള വിചാരണകളും റോമിലേക്കുള്ള യാത്രയും റോമൻ അധികാരികളുടെ മുമ്പിൽ സുവിശേഷം പ്രസംഗിക്കാനുള്ള അവസരങ്ങളായിത്തീർന്നു.

തങ്ങളുടെ ജീവിതത്തെ ദൈവത്തിനു സ്വീകാര്യമായ ബലിയായി സമർപ്പിച്ച രക്തസാക്ഷികളാണ് അപ്പസ്തോലന്മാരായ പത്രോസും പൗലോസും. അതിനാലാണ് അവരുടെ ജീവിതാന്ത്യത്തെ കുറിയ്ക്കുന്ന ഈ ചിത്രകഥയ്ക്കു "നൈവേദ്യം" എന്ന പേരിട്ടിരിക്കുന്നത്. രക്തസാക്ഷികളുടെ മരണം ലോകദൃഷ്ടിയിൽ പരാജയമായിത്തോന്നിയേക്കാം. എന്നാൽ ക്രിസ്തീയ ജീവിതത്തിന്റെ ഏറ്റം ശ്രേഷ്ഠവും മനോഹരവുമായ പൂർത്തീകരണമാണ് രക്തസാക്ഷിത്വം. മരണത്തിൻമേൽ ക്രിസ്തു നേടിയ വിജയത്തിലുള്ള ഏറ്റം അടുത്ത പങ്കുചേരലാണത്. ക്രൂശിതനോടു താദാത്മ്യപ്പെടുന്നവർ അവന്റെ പുനരുത്ഥാനത്തിൽ പങ്കുചേരും എന്ന പ്രതീക്ഷ അവർക്കു ശക്തിയും സന്തോഷവും പ്രദാനം ചെയ്യുന്നു.

## ചോദ്യങ്ങൾ

ഈ ചിത്രകഥയും നൈവേദ്യം എന്ന ഈ പുസ്തകവും വായിച്ചതിനു ശേഷം ഉത്തരമെഴുതുക.

1. കോറിന്തോസിൽ എത്തിയ പൗലോസ് ആരുടെ കൂടെയാണ് വസിച്ചത്?
2. തെസലോണക്കക്കാർക്കെഴുതിയ ഒന്നാം ലേഖനത്തിന്റെ പശ്ചാത്തലം വിവരിക്കുക.
3. ഗലാത്തിയായിലെ സഭ നേരിട്ട പ്രശ്നം എന്തായിരുന്നു?
4. കോറിന്തോസുകാർക്കെഴുതിയ രണ്ടു ലേഖനങ്ങളുടെയും സാഹചര്യം വിവരിക്കുക.
5. സ്കേവായുടെ ഏഴുമക്കളുടെ അനുഭവം എഫേസോസിൽ എന്തു പ്രതികരണമാണു സൃഷ്ടിച്ചത്?
6. എഫേസോസിലെ വെള്ളിപ്പണിക്കാർ പൗലോസിനെതിരേ തിരിയാൻ കാരണമെന്ത്?
7. പ്രസംഗമധ്യേ ഉറക്കംതൂങ്ങിയ എവുത്തിക്കോസിന് എന്തു സംഭവിച്ചു?
8. പീലിപ്പോസിന്റെ വീട്ടിൽവച്ച് പ്രവാചകൻ എന്തു പറഞ്ഞു?
9. പൗലോസിന്റെയും യേശുവിന്റെയും ജീവിതാന്ത്യം താരതമ്യം ചെയ്യുക.
10. രക്തസാക്ഷികളുടെ മരണം പരാജയമല്ല. വിശദീകരിക്കുക.

ബൈബിൾ ചിത്രകഥ-49

# സാക്ഷികൾ -4

# നൈവേദ്യം

രചന : മൈക്കിൾ കാരിമറ്റം
ചിത്രീകരണം : ദേവസി * ബെന്നി

പൗലോസ് ആഥൻസിൽനിന്ന് അക്കായിയായുടെ തലസ്ഥാനമായ കോറിന്തോസിൽ എത്തി.





എന്റെ പേര് പൗലോസ്. യേശുക്രിസ്തുവിൽ വിശ്വസി ക്കുന്ന ഒരുവൻ. നിങ്ങൾ?
!
എന്റെ പേര് അക്വീലാ. ഞാനും ഭാര്യ പ്രസില്ലായും ഈ കഴിഞ്ഞ ദിവസമാണ് റോമിൽനിന്നും വന്നത്. ഞ ങ്ങളും യേശുക്രിസ്തുവിൽ വിശ്വസിക്കുന്നവരാണ്.
ക്ലാവുദിയൂസ് ചക്രവർത്തി യഹൂദരെ യെല്ലാം റോമിൽനിന്നും നാടുകടത്തിയ വിവരം അറിഞ്ഞു കാണുമല്ലോ?
അതേക്കുറിച്ചു കേട്ടു. പക്ഷേ വിശദവിവരം അറിയില്ല.
ക്രിസ്ത്യാനികൾക്കെ തിരേ യഹൂദർ കുപ്രചര ണങ്ങൾ നടത്തി. പിന്നെ പീഡനമായി. അവസാനം ചക്രവർത്തി എല്ലാവ രെയും പുറത്താക്കി.
റോമിൽ ക്രിസ്ത്യാനി കൾ ഏറെയുണ്ടോ?


ഏറെപ്പേരുണ്ടായിരുന്നു. വീട്ടിലേക്കു വരൂ. വിശേഷങ്ങളൊക്കെ പറയാം. പ്രസില്ലായ്ക്കും നിങ്ങളെ കാണുമ്പോൾ സന്തോഷമാകും.
എന്താണ് നിങ്ങളുടെ തൊഴിൽ?
കൂടാരപ്പണിയാണ്.
ഞാനും ആ ജോലി പഠിച്ചിട്ടുണ്ട്. നിങ്ങളുടെ കൂടെ ഞാനും ജോലിചെയ്യാം.
പൗലോസ് അവരുടെകൂടെ താമസിച്ചു. ഉപജീവനത്തിനായി വേലചെയ്തു. സാബത്തുദിവസം സിനഗോഗിൽ പ്രസംഗിച്ചു. ഒരു ദിവസം
ഓ തിമോത്തിയോസ്, സീലാസ്, എത്രനാളായി ഞാൻ നിങ്ങളെ കാത്തിരിക്കുന്നു! തെസലോണിക്കായിൽ എന്തുണ്ട് വിശേഷങ്ങൾ?
സഹോദരന്മാർ ഇപ്പോഴും പീഡിപ്പിക്കപ്പെടുന്നു. അനേകർ കൊല്ലപ്പെട്ടു.
മരിച്ചവർക്ക് എന്തു സംഭവിച്ചു എന്നു വിചാരിച്ച് ജീവിച്ചിരിക്കുന്നവർ വിഷമിക്കുന്നു. കർത്താവ് എപ്പോഴാണ് വരിക എന്നു അവർ ചോദിക്കുന്നു.


അങ്ങയെ കാണാൻ അവർക്ക് അതിയായ ആഗ്രഹമുണ്ട്. പക്ഷേ അങ്ങു ചെന്നാൽ കൂടുതൽ കലാപമുണ്ടാകും. ജാസനും കുടുംബവും ഇപ്പോഴും ജാമ്യത്തിലാണ്.
ഞാൻ അവർക്കൊരു കത്തെഴുതാം. സീലാസ്, ഞാൻ പറഞ്ഞുതരാം. ചുരുളിൽ എഴുതുക.
പൗലോസും, സീലാസും, തിമോത്തേയോസും ചേർന്ന്........ തെസലോനിക്കായിലെ സഭക്കെഴുതുന്നത്.......
നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കൃപ നിങ്ങളോടുകൂടെ ഉണ്ടായിരിക്കട്ടെ.....
തിമോത്തി, ഈ കത്ത് തെസലോനിക്കായിൽ കൊണ്ടുപോയി എല്ലാ സഹോദരന്മാരെയും വായിച്ചു കേൾപ്പിക്കണം. അതിനുശേഷം ഇങ്ങോട്ടു തന്നെ മടങ്ങിവരണം.
ശരി. ഞാൻ നാളെ ത്തന്നെ പുറപ്പെടാം.


പൗലോസ് കോറിന്തോസിൽ തന്റെ പ്രേഷിത വേല തുടർന്നു. ഒരു ദിവസം
ഗുരോ, ഫിലിപ്പിയിലെ സഭ അങ്ങയുടെ പ്രേഷിതപ്രവർത്തനങ്ങളെ സഹായിക്കാനായി തന്നയച്ചിരിക്കുന്ന ഈ ചെറിയ തുക സ്വീകരിക്കണം.
കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ നിങ്ങൾക്കു നന്ദി. എന്തുണ്ട് ഫിലിപ്പിയിൽ വിശേഷങ്ങൾ?
സഹോദരന്മാർ ഏറെ സഹിക്കുന്നുണ്ട്. എങ്കിലും അവർ സന്തോഷത്തോടെ ഉറച്ചുനില്ക്കുന്നു.
എന്നാൽ ഗലാത്തിയായിലെല്ലാം വലിയ പ്രശ്നങ്ങളാണെന്ന് അറിയാൻ കഴിഞ്ഞു.
എന്താണത്? എന്തുണ്ടായി?
ജറുസലെമിൽ നിന്നുവന്ന യഹൂദക്രൈസ്തവർ ആശയക്കുഴപ്പമുണ്ടാക്കുന്നു.
മോശയുടെ നിയമമെല്ലാം പൂർണ്ണമായി അനുസരിച്ചാലേ രക്ഷ കിട്ടൂ എന്നാണവർ പഠിപ്പിക്കുന്നത്.
വിജാതീയരും പരിഛേദനം സ്വീകരിക്കണമെന്നാണ് അവരുടെ നിർബന്ധം.
അതിനു വിസമ്മതിക്കുന്നവരെ സഭയിൽനിന്നു പുറത്താക്കാനുള്ള ശ്രമം നടക്കുന്നുണ്ട്.
ഇതനുവദിച്ചുകൂടാ. ഞാൻ അവർക്ക് എഴുതാം.

കാലഹരണപ്പെട്ട മോശയുടെ നിയമം അനുസരിക്കുന്നതിലൂടെയും, യേശുക്രിസ്തുവിലുള്ള വിശ്വാസത്തിലൂടെയുമാണ് രക്ഷ ലഭിക്കുക എന്നു വിശദമാക്കിക്കൊണ്ട് പൗലോസ് ഗലാത്തിയായിലെ സഭകൾക്ക് എഴുതി. കുറച്ചുനാളുകൾക്കുശേഷം കോറിന്തോസിലെ യഹൂദർ പൗലോസിനെ പിടിച്ചു ന്യായാസനത്തിനുമുമ്പിൽ കൊണ്ടുവന്നു.




ഒന്നരവർഷത്തെ പ്രവർത്തനത്തിനുശേഷം പൗലോസ് കോറിന്തോസിൽനിന്നു യാത്രതിരിച്ചു.



പൗലോസ് അന്തിയോക്യായിൽ തിരിച്ചെത്തി. കുറച്ചുനാൾക്കുശേഷം തന്റെ മൂന്നാമത്തെ പ്രേഷിതയാത്ര ആരംഭിച്ചു. ഏഷ്യായിൽ താൻ സ്ഥാപിച്ച സഭകളെല്ലാം സന്ദർശിച്ചശേഷം എഫേസോസിൽ എത്തി.




പൗലോസ് ചില ക്രിസ്ത്യാനികളെ കണ്ടുമുട്ടി.







അവർ യേശുവിന്റെ നാമത്തിൽ മാമ്മോദിസാ സ്വീകരിച്ചു. പൗലോസ് കൈവച്ചു പ്രാർത്ഥിച്ചപ്പോൾ പരിശുദ്ധാത്മാവ് അവരുടെമേൽ വന്നു.
കർത്താവായ യേശുവേ, അങ്ങിൽ വിശ്വസിക്കുന്ന ഈ ദാസന്റെമേൽ അങ്ങയുടെ വാഗ്ദാനമനുസരിച്ച് പരിശുദ്ധാത്മാവിനെ അയയ്ക്കണമേ.
കർത്താവായ യേശുക്രിസ്തുവിനു സ്തോത്രം.
ഹല്ലേലുയ്യാ. മാറാനാത്താ.


ഏകദേശം മൂന്നുമാസം പൗലോസ് യഹൂദരുടെ സിനഗോഗിൽ പ്രസംഗിച്ചു. അനേകർ മാനസാന്തരപ്പെട്ടു. ഒരു ദിവസം സിനഗോഗിൽ.
കുരിശിൽ തൂക്കപ്പെട്ട യേശു നിയമപ്രകാരം ശാപമേറ്റവനാണ്. അവനിൽ വിശ്വസിക്കുന്നതു പാപമാണ്.
മോശയുടെ നിയമം അനുസരിക്കുന്നവർക്കേ രക്ഷയുള്ളൂ. ദൈവം ഇസ്രായേലുമായി ചെയ്ത ഉടമ്പടിയിൽ വിജാതീയർക്കു പങ്കില്ല.
ദൈവം നല്കുന്ന രക്ഷ നിങ്ങൾ തിരസ്ക്കരിച്ചിരിക്കുന്നു. ഇനി ഞാൻ വിജാതീയരുടെ അടുക്കലേക്കു പോവുകയാണ്.


ടിറാനോസിന്റെ പ്രസംഗശാല വാടകയ്ക്കെടുത്ത്, രാവില 11 മണിമുതൽ ഉച്ച കഴിഞ്ഞ് 4 മണിവരെ അവിടെ സുവിശേഷം പ്രസംഗിച്ചു. ബാക്കി സമയം സ്വന്തം കൈകൊണ്ടദ്ധ്വാനിച്ചു.
സഹോദരങ്ങളേ, യേശുക്രിസ്തുവഴി ദൈവം തന്റെ കൃപയാൽ നമ്മെ രക്ഷിച്ചിരിക്കുന്നു. ഇനി യഹൂദനെന്നോ വിജാതീയനെന്നോ വ്യത്യാസമില്ല. നാം എല്ലാം ക്രിസ്തുവിൽ ഒന്നായിരിക്കുന്നു.


വിശ്വാസംവഴി ക്രിസ്തു നിങ്ങളുടെ ഹൃദയങ്ങളിൽ വസിക്കട്ടെ. ആത്മാവിന്റെ ചൈതന്യത്താൽ നിങ്ങൾ പുതിയ മനുഷ്യരാകുവിൻ.


ക്രിസ്തു നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും സ്നേഹത്തിൽ വസിക്കുവിൻ. വിഗ്രഹങ്ങളെ വിട്ടകലുവിൻ.


പൗലോസ് വഴി ദൈവം അനേകം അത്ഭുതങ്ങൾ പ്രവർത്തിച്ചു. ഇതുകണ്ട് സ്കേവാ എന്ന യഹൂദപുരോഹിതന്റെ ഏഴുമക്കൾ ഒരു പിശാചുബാധിതനെ സുഖപ്പെടുത്താൻ ശ്രമിച്ചു.
പൗലോസ് പ്രസംഗിക്കുന്ന യേശുക്രിസ്തുവിന്റെ നാമത്തിൽ അശുദ്ധാത്മാവേ, നിന്നോടു ഞാൻ ആജ്ഞാപിക്കുന്നു. ഇവനെ വിട്ടുപോകുക.
യേശുവിനെ എനിക്കറിയാം. പൗലോസിനെയും അറിയാം. എന്നാൽ നീ ആര്?
!??
?!!!
ഈ സംഭവം കേട്ട അനേകർ യേശുവിൽ വിശ്വസിച്ചു. ചുറ്റുപാടുമുള്ള നഗരങ്ങളിലും ക്രൈസ്തവസമൂഹങ്ങൾ രൂപംകൊണ്ടു. ക്ഷുദ്രപ്രയോഗം നടത്തിയിരുന്ന അനേകർ തങ്ങളുടെ ഗ്രന്ഥച്ചുരുളുകൾ കൊണ്ടുവന്ന് പൊതുസ്ഥലത്തുവച്ചു കത്തിച്ചു.
സകല മന്ത്രവാദങ്ങളും ഞാൻ ഉപേക്ഷിക്കുന്നു. ഇനി യേശുവിൽ മാത്രമാണ് എന്റെ ആശ്രയം.



തിമോത്തേയോസ് കോറിന്തോസിൽ നിന്നു മടങ്ങിയെത്തി.
തിമോത്തേയോസ്, കോറിന്തോസിൽ എന്തുണ്ട് വിശേഷങ്ങൾ?
സഭയാകെ കുഴപ്പത്തിലാണ്. സഹോദരങ്ങൾ നാലു ചേരികളിലായി തിരിഞ്ഞിരിക്കുകയാണ്.
ചിലർ പത്രോസിന്റെ പേരിൽ, ചിലർ അപ്പോളോസിന്റെ പേരിൽ, മറ്റുചിലർ യേശുക്രിസ്തുവിന്റെ പേരിൽ, കുറച്ചുപേർ അങ്ങയുടെ പേരിലും.
എന്ത്? ക്രിസ്തു വിഭജിക്കപ്പെട്ടിരിക്കുന്നെന്നോ?
മാത്രമല്ല, ഊട്ടുമേശയിലെ കൂട്ടായ്മയ്ക്കും ഭംഗം വന്നിരിക്കുന്നു. ചിലർ തിന്നുകുടിച്ചു മദിക്കുമ്പോൾ മറ്റു ചിലർ പട്ടിണി കിടക്കുന്നു.
ഭാഷാവരവും പ്രവചനവരവും ഏറെ ദോഷം ചെയ്യുന്നു. സ്ത്രീകളുടെ അഴിഞ്ഞാട്ടം സഭയിലേക്കും കടന്നിരിക്കുന്നു.
എനിക്കിപ്പോൾ ഇവിടെനിന്നു പോകാൻ സാധിക്കില്ല. ഞാൻ എഴുതാം. കത്ത് നീ കൊണ്ടുപോയി വായിച്ചു കേൾപ്പിക്കണം.


തിമോത്തിയോസിന്റെ സന്ദർശനം ഫലമുണ്ടാക്കിയില്ല. പൗലോസ് നേരിട്ട് കോറിന്തോസിൽ ചെന്നു. അവർ അദ്ദേഹത്തെ അവഹേളിച്ചുവിട്ടു. എഫേസോസിൽ തിരിച്ചെത്തിയിട്ട് ഒരു കത്തുമായി തിത്തോസിനെ അയച്ചു. അതേസമയം എഫേസോസിൽ
സ്നേഹിതരേ, ലോകപ്രസിദ്ധയായ അർത്തേമിസ് ദേവതയുടെ നേരെ കടന്നാക്രമണം നടക്കുന്നു. ആ പൗലോസും കൂട്ടരും പറയുന്നതു കേട്ടില്ലേ? ഈ വിഗ്രഹങ്ങൾക്കു ശക്തിയില്ലെന്ന്!
!??
കഴിഞ്ഞ ഒരു വർഷമായി വിഗ്രഹങ്ങൾ വാങ്ങാൻ ആളില്ലാതാവുന്നത് നിങ്ങൾ ശ്രദ്ധിച്ചോ?
ഞാൻ ഒരു പ്രതിമ വിറ്റിട്ട് ഒരു മാസമായി. ദിവസം പത്തെണ്ണം വീതം ചിലവായിരുന്നതാണ്.
!
നമ്മുടെ തൊഴിൽ നഷ്ടപ്പെടുക മാത്രമല്ല. നമ്മൾ അപഹാസ്യരായി തീരുക മാത്രമല്ല, നമ്മുടെ ദേവത തന്നെ വിസ്മരിക്കപ്പെടാൻ പോകുന്നു.
ഇതു സമ്മതിച്ചുകൂടാ. അവരെ നശിപ്പിച്ചേ മതിയാകൂ. # * #


വെള്ളിപ്പണിക്കാർ നഗരത്തെ മുഴുവൻ ഇളക്കിവിട്ടു. അവർ പൗലോസിന്റെ ചില കൂട്ടുകാരെ പിടിച്ച് പൊതുമണ്ഡപത്തിലേക്കു കൊണ്ടുവന്നു.
അർത്തേമിസ് ജയിക്കട്ടെ...
അർത്തേമിസല്ലാതെ ഒരു ദൈവമില്ല.
അതാ നഗരാധിപൻ സംസാരിക്കുന്നു.
എഫേസോസ്കാരേ, ശ്രദ്ധിക്കുവിൻ. അർത്തേമിസിന്റെ മാഹാത്മ്യത്തെക്കുറിച്ച് ആർക്കും സംശയമില്ല. എന്നാൽ നിങ്ങൾ ഇവിടെ കലാപമുണ്ടാക്കുന്നത് ശരിയല്ല.
പൗലോസിനോ അയാളുടെ അനുയായികൾക്കോ എതിരേ എന്തെങ്കിലും ആരോപണമുണ്ടെങ്കിൽ അതു ന്യായാസനത്തിനു മുമ്പിൽ അവതരിപ്പിക്കുക.
ഇപ്പോൾ സമാധാനത്തിൽ പിരിഞ്ഞു പോവുക. അല്ലെങ്കിൽ നമ്മൾ കലാപമുണ്ടാക്കിയെന്ന് റോം വിധിക്കും. അതു വലിയ വിപത്തിനു കാരണമാകും.



ലഹള ശമിച്ചപ്പോൾ പൗലോസ് യാത്ര തിരിച്ചു. ഫിലിപ്പിയിൽവച്ച് തീത്തോസിനെ കണ്ടുമുട്ടി.
അങ്ങയുടെ ശാസന ഫലിച്ചു. അങ്ങേയ്ക്കെതിരേ സഭയിൽ കലാപമുണ്ടാക്കിയിരുന്നവരെ അവർ ശിക്ഷിച്ചു.
എന്റെ വാക്കുകൾ ഏറെ കഠിനമായിപ്പോയോ എന്നു ഞാൻ ഭയന്നിരിക്കുകയായിരുന്നു.
അത് ആവശ്യമായിരുന്നു. അങ്ങയെ അവഹേളിച്ചതിൽ സഭ മുഴുവൻ ദുഃഖിക്കുകയാണ്. അങ്ങയോടു നേരിട്ടു മാപ്പിരക്കാൻ അവർ കാത്തിരിക്കുന്നു.
ശരി. ഞാൻ പോകാം. അതിനുമുമ്പേ അവരെ ആശ്വസിപ്പിച്ചുകൊണ്ട് ഒരു കത്തെഴുതാം.
താമസിയാതെ എനിക്കു ജറുസലെമിലേക്കു പോകണം. ദാരിദ്ര്യമനുഭവിക്കുന്ന അവിടുത്തെ സഹോദരർക്കു നല്കാനായി കുറച്ചു പണം ശേഖരിക്കണം.
ഏഷ്യായിലെയും മക്കെദോനിയായിലെയും സഭകളെപ്പോലെ കോറിന്തോസുകാരും ഉദാരമായി ദാനം ചെയ്യാൻ പ്രോത്സാഹിപ്പിക്കണം.


മക്കെദോനിയായിലെ സഭകളെ സന്ദർശിച്ചു വിടവാങ്ങിയശേഷം പൗലോസ് കോറിന്തോസിലെത്തി.
സഹോദരാ, ഞങ്ങൾ വലിയ തെറ്റു ചെയ്തു പോയി. സഭ മുഴുവനും വേണ്ടി ഞാൻ മാപ്പു ചോദിക്കുന്നു.
എഴുന്നേല്ക്കൂ! സന്തോഷമായിരിക്കൂ. നിങ്ങളെ ദുഃഖിപ്പിക്കാൻ വേണ്ടിയല്ല ഞാൻ എഴുതിയത്.
നിനക്കുണ്ടായ അപകടങ്ങളെയും നീ അനുഭവിച്ച സഹനങ്ങളെയും കുറിച്ചു വായിച്ചപ്പോൾ ഞങ്ങൾ എത്ര നന്ദിഹീനരും നിസ്സാരരുമാണെന്നു മനസ്സിലായി.
ക്രിസ്തുവിന്റെ സ്നേഹമാണ് എനിക്കുത്തേജനം നല്കുന്നത്. നാം ജീവിക്കുന്നതും മരിക്കുന്നതും അവനുവേണ്ടിയാണ്.
നിങ്ങൾ യേശുക്രിസ്തുവിൽ പരസ്പരം ഐക്യപ്പെട്ടുകാണുന്നതിൽ ഞാൻ കർത്താവിനു നന്ദി പറയുന്നു.
കോറിന്തോസുകാരായ നിങ്ങൾ മാത്രമല്ല, ലോകമെങ്ങുമുള്ള സഭ മുഴുവൻ ക്രിസ്തുവിൽ ഒന്നായിരിക്കുന്നു. നമ്മൾ അവന്റെ ശരീരവും അവൻ നമ്മുടെ ശിരസ്സുമാണ്.


ഏകദേശം മൂന്നുമാസം പൗലോസ് കോറിന്തോസിൽ താമസിച്ചു. റോമിലെ സഭയ്ക്ക് ഒരു ലേഖനമെഴുതി.
സഹോദരങ്ങളേ, ഞാൻ ജറുസലെമിലേക്കു പോവുകയാണ്. തുടർന്നു റോമിലേക്കും. അവിടെ നിന്ന് സ്പെയിനിലേക്കും പോയി സുവിശേഷം പ്രസംഗിക്കാൻ ആഗ്രഹമുണ്ട്.
അങ്ങ് ഇനി എന്നാണ് വരിക?
ഇനി നമ്മൾതമ്മിൽ കാണുമോ എന്നു സംശയമാണ്. നിങ്ങൾ യേശുക്രിസ്തുവിൽ ഉറച്ചു വിശ്വസിച്ച് പരസ്പരം ഐക്യത്തിൽ കഴിയണം.
!!
നിങ്ങൾ ഉദാരമായി നല്കിയ സംഭാവനകൾ ഞാൻ ജറുസലെമിലെ സഭയ്ക്ക് എത്തിച്ചു കൊടുക്കാം. നിങ്ങളുടെ പ്രാർത്ഥനയിൽ എന്നെ നിരന്തരം ഓർക്കുവിൻ.
നാഥൻ നിന്നെ അപകടങ്ങളിൽ നിന്നു കാത്തുരക്ഷിക്കട്ടെ. ഞങ്ങൾക്കുവേണ്ടി എന്നും പ്രാർത്ഥിക്കണം.


കപ്പൽ മാർഗ്ഗം പൗലോസ് ത്രോവാസിൽ എത്തി. ആഴ്ചയുടെ ആദ്യദിവസം സന്ധ്യയായപ്പോൾ അപ്പം മുറിക്കാൻ സഹോദരന്മാർ ഒരുമിച്ചുകൂടി.
നമ്മെ സ്നേഹിക്കുകയും നമുക്കു വേണ്ടി ജീവൻ ബലിയർപ്പിക്കുകയും ചെയ്ത യേശുനാഥന്റെ ഓർമ്മയാണ് നാം ആചരിക്കുന്നത്.
അതാ എവുത്തിക്കോസ് വീഴുന്നു. ദൈവമേ, ഈ മൂന്നാം നിലയിൽനിന്നു താഴെ വീണാൽ....
മരിച്ചുപോയി.
ഭയപ്പെടേണ്ടാ. അവനു ജീവനുണ്ട്.
അവർ മുകളിലത്തെ മുറിയിലേക്കു മടങ്ങി.
കർത്താവായ യേശു... അരുളിച്ചെയ്തു. ഇതു നിങ്ങൾക്കുവേണ്ടിയുള്ള എന്റെ ശരീരമാണ്.


**എവുത്തിക്കോസിനു ജീവൻ തിരിച്ചുകിട്ടിയതിൽ അവർ സന്തോഷിച്ചു. പ്രഭാതമായപ്പോൾ പൗലോസ് വിടവാങ്ങി. കപ്പൽമാർഗ്ഗം കേസറിയായിൽ എത്തി. ഡീക്കൻ ഫിലിപ്പിന്റെ വീട്ടിൽ ഒരു പ്രവാചകൻ–**









പൗലോസിന്റെ മൂന്നാം
പ്രേഷിതയാത്ര ——
റോമായാത്ര - - -
അന്തിയോക്യാ
സീദോൻ
ടയിർ
ടൊളെമായിസ്
കേസറിയാ
ജറുസലേം
മീറാ
ലിസ്ത്രാ
ക്നീദോസ്
മിലേത്തോസ്
ത്രോവാസ്
സമോത്രാക്കെ
ഫിലിപ്പി
അംഫിപോളിസ്
തെസലോനിക്ക
ബെറോയാ
കോറിന്തോസ്
അഥേൻസ്
ഈജിയൻ കടൽ
ക്രേത്ത
ശുഭതുറമുഖങ്ങൾ
മദ്ധ്യധരണ്യാഴി
അദ്രിയാ കടൽ
പുത്തെയോളി
റോമാ
സിസിലി
മാൾട്ടാ


ജറുസലെമിൽ എത്തിയ പൗലോസിനെ യാക്കോബും ശ്രേഷ്ഠന്മാരുടെ സമൂഹവും സ്വീകരിച്ചു.
വിജാതീയ സഭകളുടെ സ്നേഹവും ഔദാര്യവും ഞങ്ങൾ നന്ദിയോടെ സ്വീകരിക്കുന്നു. എന്നാൽ ഇവിടത്തെ യഹൂദർക്കും ക്രിസ്ത്യാനികൾക്കും പൗലോസിന്റെ പേരിൽ ഏറെ സംശയങ്ങളുണ്ട്.
നിങ്ങൾ പറയുന്നതെന്തും ചെയ്യാൻ ഞാൻ ഒരുക്കമാണ്. വിജാതീയർക്കു നല്കിയിരിക്കുന്ന സ്വാതന്ത്ര്യം നിഷേധിക്കരുതെന്നു മാത്രം.
യഹൂദരുടെ നിയമങ്ങൾക്കെതിരായി പ്രചരണം നടത്തുന്നു എന്ന ആരോപണം കഴമ്പില്ലാത്തതാണെന്നു തെളിയിക്കണം.
വ്രതമെടുത്ത് നാലു പേർ ഇവിടെയുണ്ട്. അവരോടൊപ്പം ദേവാലയത്തിൽ പോയി നീയും ശുദ്ധീകരിക്കണം.
ശുദ്ധീകരണകാഴ്ചയായി ഓരോരുത്തരുടെയും പേരിൽ രണ്ടു ചെമ്മരിയാട്, ഒരു കോലാട്, അപ്പം, അടകൾ, പാനീയബലി മുതലായവയ്ക്കു വേണ്ട തുകയും നീ തന്നെ നല്കണം.
ശരി. സമാധാനവും സഭയുടെ ഐക്യവുമാണ് ഞാൻ ആഗ്രഹിക്കുന്നത്.


നിയമപ്രകാരമുള്ള കാഴ്ചകൾ അർപ്പിക്കാനായി പൗലോസ് ദേവാലയത്തിൽ എത്തിയപ്പോൾ ഏഷ്യയിൽ നിന്നു യഹൂദർ പൗലോസിനെതിരേ ജനത്തെ ഇളക്കിവിട്ടു.
ഇസ്രായേൽ ജനമേ, ഉണരുവിൻ. ഇതാ നമ്മുടെ മതത്തെയും നിയമങ്ങളെയും ലോകമെങ്ങും അപഹസിക്കുന്നവൻ ഇവിടെ എത്തിയിരിക്കുന്നു.
പിടിക്കവനെ. അവൻ വിജാതീയരെ പ്രവേശിപ്പിച്ച് ദേവാലയം അശുദ്ധമാക്കിയിരിക്കുന്നു.
?
ഇവൻ ജീവിച്ചിരുന്നുകൂടാ.


പൗലോസിനെ അവർ ദേവാലയത്തിന്റെ പുറത്തേക്കു വലിച്ചിഴച്ച് കൊല്ലാൻ ശ്രമിച്ചു. വിവരമറിഞ്ഞ റോമൻ സഹസ്രാധിപൻ ഇടപെട്ടു.
അവനെ ഞങ്ങൾക്കു വിട്ടുതരൂ!
അവനെ കല്ലെറിയൂ...
ഇവനെ കോട്ടയിലേക്കു കൊണ്ടുപോകുവിൻ.


റോമൻ പട്ടാളം താവളമടിച്ചിരുന്ന അന്തോമിയാകോട്ടയുടെ പടിക്കൽ എത്തിയപ്പോൾ പൗലോസ് യഹൂദരോടു സംസാരിക്കാൻ അനുവാദം ചോദിച്ചു.
സഹോദരരേ, പിതാക്കന്മാരേ, ഞാൻ ഒരു യഹൂദനാണ്. നിങ്ങൾക്കറിയാവുന്നതു പോലെ ക്രിസ്തുമാർഗ്ഗത്തെ ഇല്ലാതാക്കാൻ തീക്ഷ്ണതയോടെ പരിശ്രമിച്ചവനാണു ഞാൻ.
ദമാസ്കസിലേക്കുള്ള ശിഷ്യരെ തടവിലാക്കി ശിക്ഷിക്കാൻ സാൻഹെദ്രിൻ സംഘത്തിന്റെ അധികാരപത്രവുമായി ഞാൻ പുറപ്പെട്ടു.
പൗലോസ് തന്റെ അനുഭവം വിവരിച്ചു. പറഞ്ഞു തീരുംമുമ്പേ–
ഇവനെ ഭൂമിയിൽ നിന്നു നീക്കം ചെയ്യുക.
ഇവൻ ജീവിച്ചിരിക്കാൻ പാടില്ല.


പടയാളികൾ പൗലോസിനെ കോട്ടയിൽ സൂക്ഷിച്ചു. അടുത്ത ദിവസം സാൻഹെദ്രിൻ സംഘത്തിനു മുമ്പിൽ ഹാജരാക്കി.
സഹോദരരേ, ഇന്നേവരെ ദൈവതിരുമുമ്പിൽ കുറ്റമറ്റ മനഃസാക്ഷിയോടെയാണ് ഞാൻ ജീവിച്ചിട്ടുള്ളത്.
അവന്റെ ചെകിട്ടത്തടിക്കുക.
വെള്ളപൂശിയ മതിലേ, നിയമാനുസൃതം വിധിക്കാനിരിക്കുന്ന നീ നിയമവിരുദ്ധമായി എന്നെ അടിക്കാൻ കല്പിക്കുന്നോ?
പ്രധാനപുരോഹിതനോട് ഇങ്ങനെയാണോ സംസാരിക്കുന്നത്?
ക്ഷമിക്കണം. അദ്ദേഹം പ്രധാനപുരോഹിതനാണെന്ന് ഞാനറിഞ്ഞില്ല. സഹോദരരേ, ഞാൻ ഒരു ഫരിസേയനാണ്. പുനരുത്ഥാനത്തിലുള്ള പ്രത്യാശയുടെ പേരിലാണ് ഞാനിന്ന് വിചാരണ ചെയ്യപ്പെടുന്നത്.
ഇതുകേട്ട് പുനരുത്ഥാനത്തിൽ വിശ്വസിക്കുന്ന ഫരിസേയരും വിശ്വസിക്കാത്ത സദൂക്കായരും രണ്ടു ചേരിയായി തിരിഞ്ഞു. തർക്കം മൂർച്ഛിച്ചപ്പോൾ.
ഇയാളെ കോട്ടയിലേക്കു കൊണ്ടുപോകൂ! അല്ലെങ്കിൽ ഇവർ പിച്ചിക്കീറും.


പൗലോസിനെ വധിക്കാൻ യഹൂദർ ഗൂഢാലോചന നടത്തുന്നതറിഞ്ഞ് സഹസ്രാധിപൻ പൗലോസിനെ രാത്രിയിൽ കേസറിയായിലേയ്ക്കയച്ചു.



രണ്ടുവർഷത്തോളം പൗലോസ് കേസറിയായിൽ തടവിൽ കഴിഞ്ഞു. പുതിയ ദേശാധിപതിയായി ഫെസ്തുസ് സ്ഥാന മേറ്റപ്പോൾ പൗലോസിനെ വീണ്ടും വിചാരണ ചെയ്തു.
യഹൂദരുടെ നിയമങ്ങൾക്കോ ആചാരങ്ങൾക്കോ വിരുദ്ധമായി ഞാനൊരു തെറ്റും ചെയ്തിട്ടില്ല.
ഇയാളെ വിചാരണ ചെയ്യേണ്ടതുണ്ട്. ജറുസലെമിലെ സാൻഹദ്രിൻ സംഘമാണ്.
പൗലോസ്, ജറുസലെമിൽ വിചാരണ ചെയ്യപ്പെടാൻ നീ ഒരുക്കമാണോ?
ഞാൻ ഒരു റോമൻ പൗരനാണ്. സീസറിന്റെ അടുക്കലാണ് ഇനി വിചാരണ ചെയ്യപ്പെടേണ്ടത്.
ശരി. നീ സീസറിന്റെ അടുത്തേക്കുതന്നെ പോകണം.


ഹേറോദേസ് അഗ്രിപ്പാ രണ്ടാമന്റെ മുമ്പിൽ ഒരു വിചാരണകൂടി നടത്തിയശേഷം പട്ടാള അകമ്പടിയോടെ അവർ പൗലോസിനെ കപ്പൽമാർഗ്ഗം റോമിലേക്കയച്ചു.


കാറ്റു പ്രതികൂലമായിരുന്നതിനാൽ യാത്ര മന്ദഗതിയിലായി. അവസാനം കപ്പൽ വലിയൊരു കൊടുങ്കാറ്റിൽപെട്ടു.
പായകൾ അറത്തുകളയുവിൻ. ഭാരമുള്ളതെല്ലാം കടലിൽ എറിയുവിൻ.


അനേക ദിവസങ്ങൾ കപ്പൽ കാറ്റിന്റെ ഗതിക്കനുസരിച്ചു ലക്ഷ്യമില്ലാതെ ഒഴുകിനീങ്ങി. അവസാനം കര പ്രത്യക്ഷമായി.
ഇവിടെ പതിനഞ്ചാൾ ആഴമേയുള്ളൂ.
കപ്പൽ ഇടിച്ചുതകരാൻ പോകയാണ്. അല്പംമുമ്പ് മുപ്പതാൾ ആഴമുണ്ടായിരുന്നു.


കപ്പൽ തകരുമെന്നു തീർച്ചയായപ്പോൾ ശതാധിപൻ
തടവുകാർ രക്ഷപ്പെട്ടാൽ നമ്മൾ കുറ്റക്കാരാവും. എല്ലാവരെയും കൊന്നു കളയുക.
അരുത്. ഒരാൾപോലും ഓടിപ്പോവുകയില്ല. ആരുടെയും ജീവൻ നഷ്ടപ്പെടുകയുമില്ല. എല്ലാവരുടെയും ചങ്ങലകൾ അഴിച്ചുമാറ്റുവിൻ.


കപ്പൽ പാറയിൽ തട്ടിത്തകർന്നു. നീന്തിയും പലകയിൽ പിടിച്ച് ഒഴുകിയും എല്ലാവരും കരയ്ക്കടുത്തു.


അവർ ചെന്നെത്തിയത് മാൾട്ടായിലായിരുന്നു. സ്ഥലവാസികൾ അവരെ സ്വാഗതം ചെയ്തു.



പൗലോസ് ചുള്ളിക്കമ്പുകൾ പെറുക്കിയെടുത്തു തീയി ലിട്ടപ്പോൾ.
ഇയാൾ എന്തോ വലിയ പാതകം ചെയ്തവനാണ്. കടലിൽ നിന്നും രക്ഷപ്പെട്ടിട്ടും ദൈവം വെറുതെ വിട്ടില്ലല്ലോ.
അണലിയാണ് കടിച്ചത്. ഉടനെ മരിച്ചുവീഴും.
പൗലോസ് പാമ്പിനെ തീയി ലേക്കു കുടഞ്ഞിട്ടു.
ഇയാൾക്കൊന്നും സംഭവിക്കുന്നില്ലല്ലോ. അത്ഭുതം!
ഇതു മനുഷ്യ വേഷത്തിൽ വന്നി രിക്കുന്ന ഏതോ ദേവനാണ്.
നാട്ടുകാരുടെ ആതിഥ്യം സ്വീകരിച്ച് അവർ മൂന്നുമാസം അവിടെ താമസിച്ചു. പൗലോസ് അവിടുത്തെ രോഗികളെ സുഖപ്പെടുത്തി.
നിങ്ങളുടെ ഔദാര്യ ത്തിന് ഏറെ നന്ദി. ശീതകാലം അവസാ നിച്ചു. ഞങ്ങൾ ഇനി യാത്ര തിരിക്കട്ടെ.
നന്ദി പറയേണ്ടതു ഞങ്ങളാണ്. യേശുക്രി സ്തുവിനെ അറിയാനും രോഗശാന്തി ലഭിക്കാനും നിങ്ങളുടെ വരവ് ഇട യാക്കിയല്ലോ.


റോമിലെത്തിയ പൗലോസിനെ ക്രിസ്തീയ സഹോദരർ സന്തോഷത്തോടെ സ്വീകരിച്ചു. പട്ടാളത്തിന്റെ കാവലോടെ വീട്ടുതടങ്കലിൽ താമസിച്ച്, പൗലോസ് റോമിലെ യഹൂദരെ വിളിച്ചുകൂട്ടി.
സഹോദരങ്ങളേ, നമ്മുടെ പിതാക്കന്മാർക്കു ദൈവം നല്കിയ വാഗ്ദാനം യേശുക്രിസ്തുവിൽ പൂർത്തിയായിരിക്കുന്നു. അവനെ മരിച്ചവരിൽ നിന്ന് ഉയിർപ്പിച്ചുകൊണ്ട് നമുക്കു പാപമോചനവും രക്ഷയും പ്രദാനം ചെയ്തിരിക്കുന്നു.
ഈ സദ്വാർത്ത അറിയിച്ചതിന്റെ പേരിലാണ് ഞാൻ ഇപ്പോൾ തടവിലായിരിക്കുന്നത്.
ഞങ്ങൾക്കു ജറുസലെമിൽനിന്ന് നിന്നെക്കുറിച്ച് യാതൊരറിവും കിട്ടിയിട്ടില്ല.
ജറുസലെമിലെ അധികാരികളുടെ തീരുമാനമറിയാതെ ഞങ്ങൾക്കൊന്നും പറയാനാവില്ല.
സത്യം ഗ്രഹിച്ചു രക്ഷ പ്രാപിക്കാൻ കഴിയാത്തവിധം ഹൃദയം കടുത്തുപോയവരെക്കുറിച്ച് ഏശയ്യാ പ്രവാചകൻ പറഞ്ഞത് അന്വർത്ഥമായിരിക്കുന്നു.
രക്ഷയുടെ സുവിശേഷം വിജാതീയരുടെ അടുക്കലേയ്ക്കാണ് അയയ്ക്കപ്പെട്ടിരിക്കുന്നത്. അവർ അതുകേട്ടു വിശ്വസിക്കുകയും ചെയ്യും.


രണ്ടുവർഷത്തോളം പൗലോസ് വീട്ടുതടങ്കലിൽ കഴിഞ്ഞു. അനേകർ അവനെ സമീപിച്ചു. അവരോടെല്ലാം സുവിശേഷം പ്രസംഗിച്ചു.
സഹോദരാ, നീ എവിടെ നിന്ന് വരുന്നു?
ഞാൻ കൊളോസോസിൽനിന്ന് ഒളിച്ചോടിയ ഒരടിമയാണ്. എന്റെ പേര് ഒണേസിമോസ്.
!
ഞാൻ യജമാനന്റെ കുറച്ചു പണവും മോഷ്ടിച്ചുകൊണ്ടാണു പോന്നത്. അങ്ങയെ കുറിച്ചു കേട്ടപ്പോൾ നേരിൽ കാണാൻ ആഗ്രഹിച്ചു.
മോഷണവും ഒളിച്ചോട്ടവും നന്നല്ല. ഏതായാലും കുറച്ചു ദിവസം ഇവിടെ താമസിക്കൂ.
!
ഏതാനും ദിവസങ്ങൾക്കുശേഷം
ഇതിൽ ഒരു കത്ത് നിന്റെ യജമാനൻ ഫിലെമോനുള്ളതാണ്. ഒന്ന് കൊളോസോസിലെ സഭയ്ക്കും. ഇതു രണ്ടും നിങ്ങൾ കൊണ്ടുപോയി കൊടുക്കണം.
യജമാനന്റെ അടുക്കലേക്കു മടങ്ങിയാൽ... ഒളിച്ചോടുന്ന അടിമയ്ക്കുള്ള ശിക്ഷ അങ്ങേയ്ക്കറിയാമല്ലോ.
ധൈര്യമായി പോകൂ! നിന്നെ ഒരു സഹോദരനായി കരുതണമെന്നും കഴിയുമെങ്കിൽ ഇങ്ങോട്ടുതന്നെ തിരിച്ചയയ്ക്കണമെന്നും ഞാൻ എഴുതിയിട്ടുണ്ട്.


തടവറയിൽവച്ച് പൗലോസ് എഫേസോസിലെയും ഫിലിപ്പിയിലെയും സഭകൾക്ക് കത്തുകൾ അയച്ചു. രണ്ടുവർഷം കഴിഞ്ഞപ്പോൾ മോചിതനായ പൗലോസ് താൻ സ്ഥാപിച്ച സഭകൾ വീണ്ടും സന്ദർശിച്ചു. ഫിലിപ്പിയിൽ –
എന്റെ ഐഹിക ജീവിതം അവസാനിക്കാറായി. കർത്താവിനുവേണ്ടിയുള്ള നിങ്ങളുടെ ബലിയിൽ ഒരു നൈവേദ്യമായി എന്റെ രക്തം ഒഴിക്കപ്പെടാനുള്ള സമയം അടുത്തുവരുന്നു.
ഗുരോ, മതപീഡനം റോമിൽ മാത്രമല്ലേ ഉള്ളൂ. അങ്ങ് ഇവിടെത്തന്നെ വസിച്ച് ഞങ്ങളെ നയിക്കണം.
നീറോ ചക്രവർത്തിക്കു ഭ്രാന്തിളകിയിരിക്കയാണ്. റോമിനു പുറത്തുള്ള ക്രിസ്ത്യാനികളെ എന്നാണു പീഡിപ്പിക്കുക എന്നു നിശ്ചയമില്ല.
ഞാൻ സഭകളെ നയിക്കേണ്ട കാലം കഴിഞ്ഞു. തിമോത്തി എഫോസോസിലെയും തീത്തോസ് ക്രേത്തേയിലെയും സഭകളുടെ നേതൃത്വം ഏറ്റെടുക്കണം.
നിങ്ങൾക്ക് ഏല്പച്ചിരിക്കുന്ന അജഗണത്തെ വിശ്വസ്തതയോടെ പരിപാലിക്കുവിൻ. ഇനി വൈകേണ്ടാ. നാളെത്തന്നെ പുറപ്പെടുവിൻ.


തങ്ങളുടെ അജപാലനദൗത്യത്തെ ഓർമ്മിപ്പിച്ചുകൊണ്ട് തിമോത്തേയോസിനും തീത്തോസിനും പൗലോസ് ലേഖനങ്ങൾ എഴുതി. ത്രോവാസിൽവച്ച് ഒരു ദിവസം.
നിങ്ങളാണോ ടാർസൂസിലെ പൗലോസ്?
അതേ. ഞാൻ തന്നെ.
ഞങ്ങളോടുകൂടെ റോമിലേക്കു വരണം. നീറോ ചക്രവർത്തിയുടെ കല്പനയാണ്.
റോമിൽ എത്തിയ പൗലോസ് കാരാഗൃഹത്തിലടയ്ക്കപ്പെട്ടു. ആദ്യവിചാരണയ്ക്കുശേഷം –
യേശുക്രിസ്തുവിന്റെ അപ്പസ്തോലനായ പൗലോസ് പ്രേഷ്ഠപുത്രനായ തിമോത്തിയോസിന്...
ഞാൻ ബലിയർപ്പിക്കപ്പെടേണ്ട സമയം ആസന്നമായിരിക്കുന്നു. എന്റെ വേർപാടിന്റെ സമയം സമാഗതമായി. ഞാൻ നന്നായി പൊരുതി. എന്റെ ഓട്ടം പൂർത്തിയാക്കി; വിശ്വാസം കാത്തു. എനിക്കായി നീതിയുടെ കിരീടം ഒരുക്കിയിരിക്കുന്നു.







## പുതിയ ആകാശം പുതിയ ഭൂമി

കുരിശിലെ രക്തത്തിൽനിന്നു ജനിച്ച സഭയെ രക്തത്തിൽ മുക്കിക്കൊല്ലാൻ ശ്രമിക്കുന്ന തിന്മയുടെ ശക്തി മരണം വഴി മരണത്തെ കീഴടക്കി. ക്രിസ്തുവിൽനിന്ന് ശക്തിയാർജ്ജിച്ച് ധീരതയോടെ തിന്മയെ നേരിടുന്ന സഭ ദൈവം മർദ്ദിതരുടെ കണ്ണീർ തുടയ്ക്കുന്നു. മരണത്തിനും ദുഃഖത്തിനും അറുതിവരുത്തുന്നു. പുതിയ പ്രഭാതം പൊട്ടി വിരിയുന്നു.




പുതിയ ആകാശം പുതിയ ഭൂമി

ML BC-49

**Mar Louis Publications**
Broadway, Ernakulam, Kochi - 682 031
Ph:0484-2352110
website:www.marlouiskochi.com
e-mail:marlouiskochi@gmail.com